➪ ശാസ്ത്രപ്പെരുമയ്ക്ക് മുന്നിൽ ഒരു സമസ്യയായി മാറിയിരിക്കുകയാണ് സമകാലിക ലോകം ➪

# കോവിഡ് 19:
# വരാനിരിക്കുന്ന കാലം പരിവർത്തനങ്ങളുടേത് ആകുമോ?

ദുരന്തകാലത്തെ എങ്ങനെ അതിജീവിക്കുന്നു എന്നതല്ല, അതിനുശേഷം ഒരു പരിവർത്തന കാലത്തേക്ക് വേണ്ടി എന്താണ് നിങ്ങൾ കരുതിവ ച്ചിരിക്കുന്നത് എന്നതാണ് സിവിൽ സമൂഹത്തിന് മുന്നിലെ പ്രധാന ചോദ്യം? ദുരന്തങ്ങളെ ഇതിന് മുമ്പും അഭിമുഖീകരിക്കുകയും മറികടക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ദുരന്തത്തിന് കാരണമായി ത്തീർന്ന സാമൂഹ്യവ്യവസ്ഥയിലും രാഷ്ട്രീയ സംവിധാനങ്ങളിലും കാതലായ പരിവർത്തനങ്ങൾ സാധ്യമാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടുപോവു കയാണ് ഉണ്ടായിട്ടുള്ളത്. ലോകത്തെ ഒന്നാകെ ഗ്രസിച്ച ഇത്രവലിയ ഒരു മഹാമാരിക്ക് ശേഷവും ആ പരാജയം ആവർത്തിക്കരുത് എന്നുറപ്പിക്കാം.

**കേരളീയം വാർത്താശൃംഖല**

*"The world as we have created it is a process of our thinking. It cannot be changed without changing our thinking."*

*- Albert Einstein*

ലോകം അനിതരസാധാരണവും അതിദാരുണവുമായ ഒരു തെരഞ്ഞെടുപ്പിലൂടെ കടന്നുപോവുകയാണ്. മനുഷ്യത്വപരമായ പരിഗണനകളെ പോലും മാറ്റിവക്കേണ്ടി വരുന്ന ഒരു തെരഞ്ഞെടുപ്പ്. മരണം സുനിശ്ചിതമായവരെ അതിനനുവദിക്കുക എന്ന ദയാരഹിതമായ തെരഞ്ഞെടുപ്പ്. മരണത്തെ തോൽപ്പിക്കുന്നതിനായി മാനവചരിത്രം പടുത്തുയർത്തിയ ശാസ്ത്രസങ്കേതങ്ങളെയെല്ലാം നിഷ്പ്രഭമാക്കിത്തീർത്തുകൊണ്ട് കുറേ മനുഷ്യരെ മരണമുഖത്തേക്ക് നിസഹായതോടെ തള്ളിവിടേണ്ടിവരുന്ന കാഴ്ചയാണ് പല വികസിത രാജ്യങ്ങളിലും ഇന്ന് ദൃശ്യമാകുന്നത്. വെന്റിലേറ്ററിന്റെ സഹായത്തോടെ പിടിച്ചുനിന്ന 80 വയസ്സുകാരിൽ നിന്നും അത് വേർപെടുത്തി, രക്ഷപ്പെടാൻ സാധ്യതയുള്ള കുറച്ചുകൂടി പ്രായം കുറഞ്ഞവർക്ക് നൽകുന്ന ഹൃദയഭേദകമായ കാഴ്ച. ഹ്യൂമൻ ജിനോം പ്രോജക്ട് വിജയിക്കുന്നതോടെ ആയുർദൈർഘ്യം 115 വയസ്സെങ്കിലുമായി ഉയർത്താൻ കഴിയുമെന്ന് പ്രതീക്ഷിച്ചു നിന്ന ശാസ്ത്രപ്പെരുമയ്ക്ക് മുന്നിൽ ഒരു സമസ്യയായി മാറിയിരിക്കുകയാണ് സമകാലിക ലോകം. ആരോഗ്യ നിലവാരത്തിന്റെ മേന്മയായി പരിഗണിക്കപ്പെട്ട പ്രായമായവരുടെ ജനസംഖ്യ കൂട്ടത്തോടെ ശവപ്പെട്ടികളിലേക്ക് മാറ്റപ്പെടുന്ന നിസ്സഹായാവസ്ഥ. കോവിഡ്19 എന്ന് നാമകരണം ചെയ്യപ്പെട്ട നോവൽ കൊറോണ വൈറസ് സൃഷ്ടിച്ചിരിക്കുന്ന മഹാമാരിയുടെ പ്രതിഫലനം ഈ നിസ്സഹായതയാണ്. നിയോലിബറലിസത്തെ ആശ്ലേഷിച്ച മുതലാളിത്ത രാജ്യങ്ങൾക്കാണ് അശരണതയുടെ ഉച്ചസ്ഥാനത്ത് നിലയുറപ്പിക്കേണ്ടി വന്നിരിക്കുന്നത് എന്നതാണ് ഒരു പോസ്റ്റ് കോവിഡ് വൈരുദ്ധ്യം. ഇരുപത്തിയൊന്നാം നൂറ്റാണ്ട് പിറക്കുമ്പോൾ ലോകം എത്തിച്ചേരേണ്ട പല നേട്ടങ്ങളുടെയും ലക്ഷ്യസ്ഥാനമായി കരുതിവച്ചിരുന്ന കാലമായിരുന്നു ഈ ഇരുപതാം വർഷം. ആ 2020ൽ തന്നെ, ആഗോള സാമൂഹ്യവ്യവസ്ഥ തകിടം മറിക്കപ്പെട്ട് മുന്നോട്ടുപോകാനാകാത്തവിധം മരവിച്ചുനിൽക്കുകയാണ് നമ്മൾ. ലോകത്തെ അടക്കിഭരിച്ച് മഥിച്ചുകൊണ്ടിരുന്ന മനുഷ്യവംശത്തിന് കാണാൻ പോലും കഴിയാത്ത സൂക്ഷ്മ ജീവകണങ്ങളായ വൈറസുകളാണ് ഈ പ്ര



തിസന്ധിക്ക് കാരണമായിരിക്കുന്നത് എന്ന ഞെട്ടലിൽ നിന്നും ഇനിയും മുക്തമല്ല ലോകം. ഭൂമിയിലെ സർവ്വചരാചരങ്ങൾക്കും മേൽ മനുഷ്യവർഗത്തിന്റെ ആധിപത്യമുറപ്പിക്കാനായി നടക്കുന്ന മുതലാളിത്ത-യന്ത്രവിദ്യാവിദഗ്ധ ഭരണക്രമത്തിന്റെ അക്ഷീണവും അക്രമാസക്തവുമായ പ്രയത്നങ്ങൾക്കേറ്റ തിരിച്ചടിയായി ഈ പ്രതിസന്ധി തിരിച്ചറിയപ്പെടുമോ? അതോ, 'കച്ചവടം പതിവുപടി' എന്ന അഹന്തയുടെ സ്ഥിരസിദ്ധാന്തത്തിലേക്ക് ലോകം അതിവേഗം മടങ്ങിയെത്തുമോ? കോവിഡ് അനന്തര ലോകക്രമം എങ്ങനെയാകുമെന്നത് സംബന്ധിച്ച് ഇപ്പോൾ ഒരു പ്രവചനാകത്മ നിഗമനത്തിലെത്തുക പ്രയാസമാകും.

വൈറസ് ഒടുങ്ങിയിട്ടില്ല, മനുഷ്യ സഞ്ചാരങ്ങൾക്കൊപ്പം അത് അതിന്റെ സർവ്വശക്തിയിൽ ഭൂഖണ്ഡങ്ങൾ താണ്ടുകയാണ്. മനുഷ്യവംശത്തെ നശിപ്പിക്കാൻ വന്ന ഒരു ശത്രുവിനെതിരായ യുദ്ധമായി ഈ മഹാമാരിയെ നേരിടുന്നതിനെ കാണുന്ന ആഗോള ശക്തികൾ തന്നെ ഒടുവിൽ വിജയിച്ചേക്കാം. അവശേഷിക്കുന്ന ലോകത്ത് ആരായിരിക്കും ശക്തർ? തീർച്ചയായും യുദ്ധ സന്നദ്ധമായി നിൽക്കുന്ന ഹ്യൂമൻ എസ്റ്റാബ്ലിഷ്മെന്റുകൾ തന്നെയാകും ബലതന്ത്രത്തിൽ ഒരുപക്ഷെ മുന്നിലെത്തുക. പക്ഷെ, അത് തികച്ചും താത്കാലികമായ ഒരു നേട്ടം മാത്രമാകും എന്ന പാഠമാണ് കോവിഡ് മഹാമാരി പഠിപ്പിക്കുന്നത്. അതെ, വൈറസുകൾ ഇനിയും നമ്മളെ കാത്തിരിക്കുന്നുണ്ട്. മ്യൂട്ടേഷൻ ഒരു തുടർ സംഭവമായിമാറുകയാണ്. ജൈവായുധമായും അല്ലാതെയും വൈറസുകൾ മനുഷ്യരെ തേടിവരും. മോഡേൺ മെഡിസിൻ നിലവിൽ സ്വരുക്കൂട്ടിയ പണിയായുധങ്ങൾ വീണ്ടും വീണ്ടും പഴകും. പുതിയ നിർമ്മിതികൾക്കായി വലിയ മെഡിക്കൽ കച്ചവടക്കാർ പിന്നെയും രംഗത്തിറങ്ങും. സിവിൽ സമൂഹം എത്തിച്ചേരുന്ന പ്രതിസന്ധികളെ മുതലെടുത്ത് ഭരണകൂടങ്ങൾ കൂടുതൽ പ്രബലരാകും. ഭരണകൂടത്തിന്റെ ഒരു അവാന്തര വിഭാഗം അതിന്റെ സ്വാർഥതാൽപര്യങ്ങൾ ഭരണകൂടത്തിന്റെ പൊതുതാൽപര്യങ്ങളായി അടിച്ചേൽപ്പിക്കുന്ന, വർത്തമാനകാല 'ഡീപ് സ്റ്റേറ്റ്' പ്രക്രിയ ഇനിയും ശക്തമാകും. പതിവു നാട്ടുനടപ്പുകളെ പുനരാനയിക്കാൻ ശ്രമിക്കുന്ന ശക്തികളാകും അതിന്റെ മുന്നണിയിൽ. ആ പോസ്റ്റ് കോവിഡ് ലോക സാചര്യം പ്രതീക്ഷകളുടേതാകില്ലെന്നും പ്രതിബന്ധങ്ങളുടേതാകുമെന്നുമുള്ള മുൻകരുതലാണ് സിവിൽ സമൂഹത്തിന് മുന്നിൽ ഇപ്പോഴുള്ള വഴി. നിലവിൽ ശ്വസിക്കുന്ന ഈ ശുദ്ധവായു ഒരു നിർബന്ധിത ലോക്ഡൗണിന്റെ അനന്തരഫലം മാത്രമാണെന്നും ലോകം മാറിയിട്ടില്ലെന്നും മറക്കാതെ ഭാവി പരിഗണനകളെക്കുറിച്ച് സിവിൽ സമൂഹം അടിയന്തിരമായി ചിലത് ചിന്തിക്കേണ്ടിയിരിക്കുന്നു. കൊറോണയെ അതിജീവിച്ച ശേഷമുള്ള പുനർനിർമ്മാണത്തെക്കുറിച്ച് ഇപ്പോൾത്തന്നെ ആലോചിക്കുകയും സ്വരുക്കൂട്ടുകയും ചെയ്തില്ലെങ്കിൽ ലോകം പഴയ രൂപത്തിൽ തന്നെ നിലനിർത്താൻ ശ്രമിക്കുന്ന ശക്തികൾക്കാകും വിജയം. അത് വീണ്ടും ഒരു ദുരന്തമായി മാറുമെന്ന് ഉറപ്പാണ്. അതുകൊണ്ടു തന്നെ ചില ചർച്ചകൾ ഇപ്പോൾത്തന്നെ തുടങ്ങിവയ്ക്കേണ്ടതുണ്ട്. എന്നാൽ എവിടെ നിന്നാണ് തുടങ്ങേണ്ടത്? ദുരന്തകാലത്തെ എങ്ങനെ അതിജീവിക്കുന്നു എന്നതല്ല, അതിനുശേഷം ഒരു പരിവർത്തന കാലത്തേക്ക് (transition time) വേണ്ടി എന്താണ് നിങ്ങൾ കരുതിവച്ചിരിക്കുന്നത് എന്നതാണ് സിവിൽ സമൂഹത്തിന് മുന്നിലെ പ്രധാന ചോദ്യം? ദുരന്തങ്ങളെ ഇതിന് മുമ്പും അഭിമുഖീകരിക്കുകയും മറികടക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ദുരന്തത്തിന് കാരണമായിത്തീർന്ന സാമൂഹ്യവ്യവസ്ഥയിലും രാഷ്ട്രീയ സംവിധാനങ്ങളിലും കാതലായ പരിവർത്തനങ്ങൾ സാധ്യമാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടുപോവുകയാണ് ഉണ്ടായിട്ടുള്ളത്. ലോകത്തെ ഒന്നാകെ ഗ്രസിച്ച ഇത്രവലിയ ഒരു മഹാമാരിക്ക് ശേഷവും ആ പരാജയം ആവർത്തിക്കരുത് എന്നുറിപ്പിക്കാം. വർദ്ധിതമായ ആത്മവീര്യത്തോടെ പരിവർത്തനത്തിന് വേണ്ട കരുതലുകൾ എന്തെല്ലാമായിരിക്കണം എന്ന് ഗഹനമായി ആലോചിച്ചുകൊണ്ട് തന്നെ തുടങ്ങാം.

**ആദ്യം യുദ്ധം നിർത്താം**

കൊറോണ വൈറസിൽ നിന്നുള്ള അതിജീവനം ഒരു യുദ്ധമല്ലെന്നും വൈറസുകൾ മനുഷ്യരുമായി ഒരു യുദ്ധം നടത്താൻ വന്നതല്ലെന്നും അത് നമ്മുടെ ശത്രുക്കളല്ലെന്നുമുള്ള തിരിച്ചറിവിൽ നിന്നു തന്നെയാണ് നമ്മൾ തുടങ്ങേണ്ടത്. ദൗർഭാഗ്യവശാൽ സഹജമായ യുദ്ധവാസന തന്നെയാണ് കൊറോണയിൽ നിന്നുള്ള അതിജീവനത്തിൽ ലോക രാജ്യങ്ങളെ ഇ

ന്ന് നയിക്കുന്നത്. യുദ്ധം ഉണ്ടാകുമ്പോഴുള്ള സൈനീക സമീപനവും ശത്രുതാപരമായ ഉള്ളടക്കങ്ങളുമാണ് രോഗം സാരമായി ബാധിച്ച വലിയ ലോക രാഷ്ട്രങ്ങളിൽ നിന്നെല്ലാം പ്രതിഫലിക്കുന്നത്. കൊറോണ വ്യാപനത്തിൽ നിന്നും അൽപ്പം മോചിതമായിത്തുടങ്ങിയപ്പോൾ തന്നെ ചൈനീസ് പ്രസിഡന്റ് ഷീ ജിൻപിങ് പീപ്പിൾസ് ഡെയ്‌ലിയിൽ എഴുതിയത് ഇങ്ങനെയാണ്; "കൊറോണ വൈറസിനെതിരായ യുദ്ധം ചൈന ഉത്തരവാദിത്തമുള്ള ഒരു ലോകശക്തിയാണെന്ന് തെളിയിച്ചിരിക്കുകയാണ്". ഈ യുദ്ധത്തിൽ വിജയിക്കുന്നവരാണ് വരും കാലത്തെ ലോക ശക്തിയെന്ന എന്ന ഈ കാഴ്ചപ്പാട് അബദ്ധജടിലം മാത്രമാണ്. ഓരോ ശരീരവും നിരവധി ജീവജാലങ്ങളുടെ ആവാസസ്ഥലം കൂടിയാണെന്ന സത്യം അംഗീകരിക്കാതെ ഈ യുദ്ധത്തിലൂടെ നമ്മൾ എവിടെയും എത്താൻ പോകുന്നില്ല. പൊതുനന്മയുടെയും ആഗോള സഹകരണത്തിന്റെയും പുനഃസ്ഥാപനം മാത്രമാണ് വരാനിരക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം. എന്നാൽ യുദ്ധം ചെയ്തു മാത്രം ശീലിച്ച ലോകശക്തികൾ താത്കാലിക വിജയങ്ങളിൽ അഭിരമിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. എല്ലാത്തരം യുദ്ധങ്ങളും അവസാനിപ്പിച്ച്, ആയുധ-ആണവ കച്ചവടങ്ങൾക്ക് പൂർണ്ണ വിരാമമിട്ട്, മിലിട്ടറി എസ്റ്റാബ്ലിഷ്മെന്റുകൾക്കായി ചിലവഴിച്ചുകൊണ്ടിരിക്കുന്ന ഭീമമായ തുക ആരോഗ്യ-സാമൂഹ്യ സുരക്ഷയ്ക്കായി ചിലവഴിക്കപ്പെടുന്ന ഭരണക്രമമാണ് ഇനി രൂപപ്പെട്ടുവരേണ്ടത്. അതുകൊണ്ടുതന്നെ യുദ്ധം എന്ന വാക്കും പ്രവർത്തിയും ഒഴിവാക്കിക്കൊണ്ട് നമുക്ക് ഈ മഹാമാരിയെ അതിജീവിക്കാൻ തുടങ്ങാം.


എന്നാൽ യുദ്ധം ചെയ്തു മാത്രം ശീലിച്ച ലോകശക്തികൾ താത്കാലിക വിജയങ്ങളിൽ അഭിരമിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. എല്ലാത്തരം യുദ്ധങ്ങളും അവസാനിപ്പിച്ച്, ആയുധ–ആണവ കച്ചവടങ്ങൾക്ക് പൂർണ്ണവിരാമമിട്ട്, മിലിട്ടറി എസ്റ്റാബ്ലിഷ്മെന്റുകൾക്കായി ചിലവഴിച്ചുകൊണ്ടിരിക്കുന്ന ഭീമമായ തുക ആരോഗ്യ–സാമൂഹ്യ സുരക്ഷയ്ക്കായി ചിലവഴിക്കപ്പെടുന്ന ഭരണക്രമമാണ് ഇനി രൂപപ്പെട്ടുവരേണ്ടത്. അതുകൊണ്ടുതന്നെ യുദ്ധം എന്ന വാക്കും പ്രവർത്തിയും ഒഴിവാക്കിക്കൊണ്ട് നമുക്ക് ഈ മഹാമാരിയെ അതിജീവിക്കാൻ തുടങ്ങാം.

### വികസനത്തിന് ഒരു മൊറട്ടോറിയം

കൊറോണ പോലെയുള്ള ജന്തുജന്യ വൈറസുകളുടെ പൊട്ടിപ്പുറപ്പെടലുകൾ പതിവായിത്തീർന്നിരിക്കുന്നതിന് പ്രധാന കാരണം തീർച്ചയായും പ്രകൃതി നിർധാരണമാണ്. സൂക്ഷ്മജീവികളുടെ പ്രജനനത്തിന് അനുകൂലമായ അവസ്ഥയിലേക്ക് പക്ഷി-മൃഗാദികളുടെ ആവാസസ്ഥാനങ്ങൾ മാറിയിരിക്കുന്നു. ജന്തുജന്യ പകർച്ചവ്യാധികളിൽ 70 ശതമാനവും വന്യജീവികളിൽ നിന്നും മനുഷ്യരിലേക്ക് 'സ്പിൽ ഓവർ' ചെയ്യുന്നവയാണ്. ഈ രോഗാണുക്കളിൽ പലതും മൃഗങ്ങളുടെയും പക്ഷികളുടെയും ശരീരത്തിൽ സ്ഥിരമായി വസിക്കുന്നവയുമാണ്. പ്രകൃതിയിൽ മനുഷ്യർ നടത്തുന്ന കടന്നുകയറ്റങ്ങളുടെ ഫലമായി, ജീവജാലങ്ങൾക്ക് അസ്വാഭാവികമായ ആയാസങ്ങളുണ്ടാകുമ്പോഴാണ് ഇവ രോഗാണുക്കളായി മനുഷ്യരിലേക്ക് പടരുന്നത് (സ്പിൽ ഓവർ ചെയ്യുക) എന്ന് ശാസ്ത്രീയമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പാരിസ്ഥിതിക തകർച്ചകൾ കാരണം ആവാസവ്യവസ്ഥ നശിച്ച്, ഒറ്റപ്പെടുന്ന ജീവികളിൽ നിന്നാണ് ജന്തുജന്യ രോഗങ്ങൾ പതിവായി മനുഷ്യരിലെത്തുന്നത്. അതുകൊണ്ടുതന്നെ ജീവജാലങ്ങൾക്ക് ഏൽക്കേണ്ടിവരുന്ന വെല്ലുവിളികൾ പരമാവധി കുറയ്ക്കുക എന്നതുതന്നെയാണ് വൈറസ് വ്യാപനത്തെ പ്രതിരോധിക്കുന്നതിനുള്ള പരമപ്രധാനമായ മാർഗ്ഗം. പ്രകൃതിയുടെ മേൽ മനുഷ്യർ നടത്തിക്കൊണ്ടിരിക്കുന്ന കടന്നുകയറ്റങ്ങൾക്ക് അവസാനമുണ്ടാക്കുക എന്നതാണ് അതിലേക്കുള്ള വഴി. അതിന് ഏറ്റവും അടിയന്തിരമായി ലോകത്തിലെ എല്ലാ ഭരണകൂടങ്ങളും ചെയ്യേണ്ട ഒരു കാര്യം അനിയന്ത്രിതമായി വിഭവചൂഷണം നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കുക എന്നതാണ്. ഇത് വർഷങ്ങളായി പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആവശ്യവുമാണ്. പോസ്റ്റ് കോവിഡ് കാലത്ത് വിഭവ ചൂഷണവും പ്രകൃതി നിർധാരണവും ഇല്ലാത്ത വികസന മാതൃകകൾക്ക് മാത്രമാണ് മനുഷ്യരാശിയെ മുന്നോട്ടുനയിക്കാൻ കഴിയുന്നത്. ഇല്ലെങ്കിൽ വൈറസുകളുടെ പൊട്ടിപ്പുറപ്പെടലും മ്യൂട്ടേഷനും മഹാമാരികളും ഇവിടെ പതിവായി മാറും.

### കാലാവസ്ഥാ വ്യതിയാനത്തെ ഇനി എങ്ങനെ നേരിടും?

ജന്തുജന്യ രോഗങ്ങൾ പണ്ടുമുതൽ ഉണ്ടെങ്കിലും പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അമിതമായ കടന്നുകയറ്റവും വനനശീകരണവും എല്ലാം കാരണം അതിന്റെ തോത് വലിയരീതിയിൽ വർദ്ധിച്ചിരിക്കുന്നതായാണ് ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നത്. ഇതിനൊപ്പം, വായുമലിനീകരണവും ജലമലിനീകരണവും നഗര-വ്യാവസായിക മലിനീകരണവും ആരോഗ്യത്തിന് അനുദിനം ഭീഷണിയായിത്തീരു



കയും രോഗസാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. കോവിഡ് 19ന്റെ കാര്യത്തിൽ തന്നെ വായുമലിനീകരണം കൂടുതലുള്ള പ്രദേശങ്ങളിൽ ജീവിക്കുന്ന രോഗികളിൽ മരണസാധ്യത കൂടുതലാണെന്ന് അമേരിക്കയിലെ ഹാർവാർഡ് ടിഎച്ച്ചാൻ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. വാഹനങ്ങൾ, എണ്ണ ശുദ്ധീകരണശാലകൾ, ഊർജ്ജനിലയങ്ങൾ എന്നിവ പുറത്തുവിടുന്ന പദാർത്ഥ കണിക (പി.എം 2.5) ദീർഘനേരം ശ്വസിക്കുന്നവർക്ക് വൈറസ് രോഗം ബാധിച്ചാൽ മരിക്കാനുള്ള സാധ്യത 15 ശതമാനം കൂടുതലാണെന്ന് പഠനം പറയുന്നു. ആഗോള നഗരങ്ങളിലെ വർദ്ധിച്ച മരണനിരക്കുകൾ ഇതിന് അടിവരയിടുന്നുമുണ്ട്. അല്ലെങ്കിൽത്തന്നെയും ലോകത്ത് വായുമലിനീകരണം കാരണമുള്ള വിവിധ രോഗങ്ങളാൽ പ്രതിവർഷം 7 ദശലക്ഷം ജനങ്ങൾ മരിക്കുന്നതായി (കോവിഡ് 19 മരണത്തേക്കാൾ കൂടുതൽ) കണക്കുകൾ പുറത്തുവന്നിട്ടുമുണ്ട്. വൈറസിനെതിരെ യുദ്ധം ചെയ്യുന്നതിനുള്ള പടക്കോപ്പുകളുമായി പോർക്കളത്തിൽ ഇറങ്ങിയിരിക്കുന്ന വൻ ശക്തികൾ ഇക്കാര്യത്തിൽ ഒന്നും മിണ്ടുന്നതേയില്ല. അതുകൊണ്ടുതന്നെ, ആവാസവ്യവസ്ഥകളുടെ സംരക്ഷണം എന്നത് വളരെ പ്രാധാന്യത്തോടെ സിവിൽ സമൂഹ പ്രസ്ഥാനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കാരണം, മനുഷ്യനിർമ്മിതമായ കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടാകുന്ന ഒട്ടേറെ ദുരന്തങ്ങളിലൂടെ കടന്നുപോവുകയാണ് കഴിച്ചകുറച്ച് വർഷങ്ങളായി ലോകജനത. എല്ലാ ഭൂഖണ്ഡങ്ങളിലും പലവിധത്തിൽ അതിന്റെ പ്രതിഫലനങ്ങൾ ആഞ്ഞുവീശുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക തകർച്ചകളുടെ അനന്തരഫലം കൂടിയാണ് ഇത്തരം മഹാമാരികൾ എന്ന് മനസ്സിലാക്കുക. അതുകൊണ്ടുതന്നെ, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള ആഗോള സഹകരണങ്ങൾ മുമ്പുള്ളതിനേക്കാൾ ആത്മാർത്ഥവും പ്രായോഗികവുമായി രൂപപ്പെട്ടുവരേണ്ട കാലമായി പോസ്റ്റ് കോവിഡ് നാളുകളെ പരിഗണിക്കണം. പ്രതിശീർഷ കാർബൺ വിസർജ്ജനം കൂടിയ രാജ്യങ്ങൾക്കാണ് മഹാമാരിക്ക് മുന്നിൽ വലിയ രീതിയിൽ കീഴടങ്ങേണ്ടി വന്നത്.

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി ഉച്ചകോടികൾ ഒരുപാട് നടത്തിയെങ്കിലും വ്യാവസായിക വിപ്ലവത്തിന് മുമ്പുണ്ടായിരുന്ന താപനിലയിൽ നിന്നും രണ്ട് ഡിഗ്രി സെൽഷ്യസിൽ കൂടുതൽ വർദ്ധിക്കരുത് എന്ന ശാസ്ത്രലോകത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ച് മുന്നോട്ടുപോവുകയായിരുന്നു ഈ രാജ്യങ്ങൾ. ആഗോളതാപനില വർദ്ധിക്കുന്നുണ്ടെന്ന് അംഗീകരിക്കാൻ അവർ സന്നദ്ധമായിരുന്നെങ്കിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതരത്തിൽ വ്യവസ്ഥകളെ പുനർനിർമ്മിക്കാൻ ആരും തയ്യാറായിരുന്നില്ല. ആഗോള താപനത്തിന്റെ മുഖ്യകാരണക്കാർ എന്ന 'ചരിത്രപരമായ ഉത്തരവാദിത്ത'ത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനാണ് വികസിതരാജ്യങ്ങൾ പാരീസ് ഉടമ്പടിയിൽ പോലും ശ്രമിച്ചത്. പരമ്പരാഗത ഫോസിൽ ഇന്ധനങ്ങളുടെ ഉത്പാദനം കുറയ്ക്കുക എന്നതിനെ ആണവവൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി കാണുന്നതിനാണ് ഇന്ത്യയും പരിശ്രമിച്ചത്. ഒരു പുനർചിന്തയ്ക്കും തയ്യാറല്ലാത്ത വിധം, ഏറ്റവും രൂക്ഷമായ രീതിയിലും ഭാഷയിലും കാലാവസ്ഥാ ഉടമ്പടികൾക്കെതിരെ പ്രതികരിച്ചത് ഡൊണാൾഡ് ട്രംപ് തന്നെയായിരുന്നു.

### തീവ്രവലതുപക്ഷം എന്ന പ്രതിസന്ധി

കാലാവസ്ഥാ ഉച്ചകോടിയോട് മാത്രമല്ല, തിരുത്തലുകൾക്ക് തയ്യാറാകേണ്ട എല്ലാ അനിവാര്യതകളോടും ഈവിധം തന്നെയാണ് ട്രംപ് പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. ജന്തുജന്യ വൈറസുകളെ കണ്ടെത്തുന്നതിനും പ്രതിരോധ ചികിത്സയ്ക്കുള്ള ഗവേഷണങ്ങൾക്കുമായി 2009ൽ ആരംഭിച്ച PREDICT പ്രോജക്ട്, ട്രംപ് സാമ്പത്തിക സഹായം പിൻവലിച്ചതിനെ തുടർന്ന് മൂന്ന് മാസം മുമ്പാണ് നിലച്ചുപോ

യത്. കോവിഡ് 19 വൈറസുമായി ഏറ്റവും അടുത്ത ബന്ധമുള്ളതായി കണക്കാക്കപ്പെടുന്ന ഒരു വൈറസ് ഉൾപ്പെടെ, മഹാമാരികളായി വികസിക്കാൻ കഴിവുള്ള 160ൽ അധികം വ്യത്യസ്ത കൊറോണ വൈറസുകൾ ഈ പ്രോജക്ട് വഴി കണ്ടെത്തിയിരുന്നു.

അതൊന്നും ട്രംപിന് വിഷയമേ ആയിരുന്നില്ല. കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ട സാഹചര്യത്തിൽ യു.എസ് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസി (ഇ.പി.എ) പരിസ്ഥിതി നിയമങ്ങൾ നടപ്പാക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വായു, ജല മലിനീകരണത്തിന് ഒരു നടപടിയും കമ്പനികൾക്ക് ഇനി നേരിടേണ്ടി വരില്ല. നിയമലംഘനത്തിന് തത്കാലം പിഴ ഈടാക്കില്ല. മലിനീകരണം പതിവായി നിരീക്ഷിക്കേണ്ടുന്നതിന്റെയോ റിപ്പോർട്ട് ചെയ്യേണ്ടുന്നതിന്റെയോ ആവശ്യം ഈ സാഹചര്യത്തിൽ ഇല്ലെന്നാണ് ട്രംപ് അഡ്മിനിസ്ട്രേഷൻ പറയുന്നത്. ലോകം ഭരിച്ചുകൊണ്ടിരുന്ന ന്യൂയോർക്ക് നഗരത്തിൽ മതിയായ ആരോഗ്യസൗകര്യങ്ങൾ പോലും ലഭ്യമാകാതെ പതിനായിരങ്ങൾ മരിച്ചുവീഴുമ്പോൾ 'ചൈനീസ് വൈറസ്' എന്ന വംശീയാധിക്ഷേപത്തിനാണ് റേസിസ്റ്റുകളുടെ പ്രമാണിയായ ഡൊണാൾഡ് ട്രംപ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

രാജ്യമാകെ വൈറസ് പടർന്നുപിടിക്കുന്നതിനിടയിൽ, ഫെബ്രുവരി 10ന് വൈറ്റ് ഹൗസ് പുറത്തുവിട്ട വാർഷിക ബജറ്റ് നിർദ്ദേശങ്ങളിൽ ആരോഗ്യമേഖലയ്ക്കുള്ള വിഹിതം വെട്ടിക്കുറിയ്ക്കുകയും സൈന്യത്തിനും മെക്സിക്കൻ അതിർത്തിയിലെ ട്രംപിന്റെ മതിൽ നിർമ്മാണത്തിനുമാണ് കൂടുതൽ പണം വകയിരുത്തുകയും ചെയ്തിരിക്കുന്നതെന്ന് പ്രമുഖ പണ്ഡിതൻ നോം ചോംസ്കി ഒരു ലേഖനത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് അമേരിക്കയുടെ മാത്രം സ്ഥിതിയല്ല. ലോകമെങ്ങും മഹാമാരിയുടെ സംഹാരം മൂർദ്ധന്യതയിൽ എത്തിയിരിക്കുന്ന രാജ്യങ്ങൾ ഭരിച്ചുകൊണ്ടിരിക്കുന്നത് ട്രംപിനെ പോലെയുള്ള തീവ്രവലതുപക്ഷ വാദികളാണ്. ഈ ദുരന്തകാലത്ത് മനുഷ്യരാശിയ്ക്ക് കടന്നുപോകേണ്ടി വന്ന മറ്റൊരു 'കാലക്കേട്' ഈ തീവ്രവലതുപക്ഷ ഭരണകൂടങ്ങളുടെ സാന്നിധ്യമാണ്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് പോലും ഈ വലതുപക്ഷ നേതൃത്വങ്ങൾക്ക് അനുകൂലമായ ജനവികാരം ഈ രാജ്യങ്ങളിൽ നിലനിൽക്കുന്നുണ്ട് എന്നതും ഞെട്ടിക്കുന്ന വസ്തുതയാണ്. 2020 നവംബറിൽ നടക്കാൻ പോകുന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റ് സ്ഥാനാർത്ഥിയാകാൻ മത്സരിച്ച പുരോഗമന പക്ഷക്കാരനായ ബെർണി സാൻഡേഴ്സിന് വേണ്ടത്ര ജനപിന്തുണ ലഭിക്കാതെ സ്ഥാനാർത്ഥിത്വത്തിൽ നിന്നും പിൻമാറേണ്ടി വന്നതും മഹാമാരിയുടെ വ്യാപനത്തിനിടയിൽ തന്നെയാണ്. പൊതു ആരോഗ്യമേഖല, കാലാവസ്ഥാ വ്യതിയാനം, സാമ്പത്തിക അസമത്വം തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തി പ്രചരണം നടത്തിയിരുന്ന ബെർണി സാൻഡേഴ്സിന്റെ പിൻമാറ്റത്തോടെ പുരോഗമന വിഭാഗത്തിന്റെ പങ്കാളിത്തം അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അവസാനിച്ചിരിക്കുന്നു. യൂറോപ്പിലും സ്ഥിതി സമാനമാണ്. കുടിയേറ്റ വിരുദ്ധതയും വംശീയതയും വച്ചു പുലർത്തിയിരുന്ന ഭരണകൂടങ്ങളാണ് കോവിഡ് പ്രതിസന്ധിയെ കൂടുതലായി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. സകലമാന കുടിയേറ്റക്കാരെയും രാജ്യത്ത് നിന്നും പുറത്താക്കണമെന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട (സാമ്പത്തികവശങ്ങൾ വേറെയുണ്ട്) ബ്രക്സിറ്റ് ഉടമ്പടി പ്രകാരം 2019 ജനുവരി 31ന് രാത്രി 11 മണിക്ക് ബ്രിട്ടൺ പൂർണ്ണമായും യൂറോപ്യൻ യൂണിയനിൽ നിന്നും പുറത്തുവന്നതിന്റെ തൊട്ടുപിന്നാലെയാണ് കോവിഡ് ആ രാജ്യത്തെ വിഴുങ്ങുന്നത്. ഡൊണാൾഡ് ട്രംപിനെ പോലെ തന്നെ കുടിയേറ്റവിരുദ്ധ സ്വദേശിവാദവും വർണ്ണവെറിയും വച്ചു പുലർത്തുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസണ് വരെ കോവിഡ് രോഗത്തിന് മുന്നിൽ പിടിച്ചുനിൽക്കാനായില്ല.

പടിഞ്ഞാറൻ രാജ്യങ്ങൾ മാത്രമല്ല, ജനപക്ഷത്ത് നിൽക്കുന്നതിന് പകരം ധനമൂലധനത്തിന്റെ ഉന്നമനം ലക്ഷ്യമാക്കുന്ന നിയോലിബറൽ മാതൃക പിന്തുടരുന്ന ചൈനയും ഇന്ത്യയും അടക്കമുള്ള ഏഷ്യൻ രാജ്യങ്ങളും കോവിഡ് പ്രതിസന്ധിയെ ശരിയായ അർത്ഥത്തിൽ മറികടക്കുമോ എന്നത് സംശയമാണ്. കാരണം ഇത് ഒരു ആരോഗ്യപ്രശ്നം മാത്രമല്ല, രാഷ്ട്രീയവ്യവസ്ഥയിലും സമ്പദ്വ്യവസ്ഥയിലും കാതലായ മാറ്റങ്ങൾ കൊണ്ടുവരേണ്ടുന്നതിന്റെ ആവശ്യകതയെ ഉയർത്തിക്കാണിക്കുന്ന ഒരു ആപൽസന്ധി കൂടിയാണ്. എന്നാൽ യു.എസിന്റെ ആധിപത്യത്തിലുള്ള ഏകധ്രുവലോകത്തെ പരിപോഷിപ്പിക്കുകയും അതുവഴി മൂലധന താത്പര്യങ്ങളെ സംരക്ഷിക്കുന്ന സാമ്പത്തികക്രമത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്ന ആഗോളസമ്പദ്വ്യവസ്ഥയ്ക്ക് കോവിഡ്

> അതുകൊണ്ടുതന്നെ ആഗോള സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങൾ പൊളിച്ചെഴുതേണ്ടതരത്തിലുള്ള ശക്തമായ ജനമുന്നേറ്റങ്ങൾ പോസ്റ്റ് കോവിഡ് കാലത്ത് ലോകമെങ്ങും പൗരസമൂഹത്തിന്റെ മുൻകൈയിൽ ഉയർന്നുവരേണ്ടതുണ്ട്. അതല്ലെങ്കിൽ, ഈ പ്രതിസന്ധിയെ താത്കാലികമായി മറികടന്ന്, 'കച്ചവടം പഴയപടി' നടത്താനുള്ള ഉപായങ്ങൾ തരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഭരണകൂടങ്ങൾക്ക് തന്നെയാകും തുടർന്നും ആധിപത്യം. അതെ, അതിന്റെ സൂചനകൾ പരക്കെ കണ്ടുതുടങ്ങിയിട്ടുമുണ്ട്.

മഹാമാരിയോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനുള്ള നൈതികശേഷി ഇല്ല എന്നാണ് തെളിഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ആഗോള സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങൾ പൊളിച്ചെഴുതേണ്ടതരത്തിലുള്ള ശക്തമായ ജനമുന്നേറ്റങ്ങൾ പോസ്റ്റ് കോവിഡ് കാലത്ത് ലോകമെങ്ങും പൗരസമൂഹത്തിന്റെ മുൻകൈയിൽ ഉയർന്നുവരേണ്ടതുണ്ട്. അതല്ലെങ്കിൽ, ഈ പ്രതിസന്ധിയെ താത്കാലികമായി മറികടന്ന്, 'കച്ചവടം പഴയപടി' നടത്താനുള്ള ഉപായങ്ങൾ തരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഭരണകൂടങ്ങൾക്ക് തന്നെയാകും തുടർന്നും ആധിപത്യം. അതെ, അതിന്റെ സൂചനകൾ പരക്കെ കണ്ടുതുടങ്ങിയിട്ടുമുണ്ട്. അതുകൊണ്ടുതന്നെ, പോസ്റ്റ് കോവിഡ് കാലത്ത് സിവിൽ സമൂഹപ്രസ്ഥാനങ്ങളുടെ മുൻകൈയിൽ നടക്കുന്ന പരിസ്ഥിതി-രാഷ്ട്രീയ സമരങ്ങൾ കൂടുതൽ പ്രഭാവമുള്ളതാകട്ടേ.

## അധികാരത്തിന്റെ ശക്തിപ്പെടൽ

ജനാധിപത്യ ഉള്ളടക്കങ്ങൾ നഷ്ടമായ ഭരണകൂടങ്ങൾ ദുരന്തത്തെ അമിതാധികാര പ്രയോഗത്തിനുള്ള ഒരു ഉപാധിയായി പരിഗണിക്കുന്ന രീതിയും കൊറോണയെ തുടർന്ന് ലോകത്ത് വ്യാപകമായിരിക്കുന്നു. ഒരു ആപത്ഘട്ടത്തെ അതിജീവിക്കുന്നതിനായി ശ്രമിക്കുമ്പോൾ അധികാരം എന്നത് ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത പരമോത്തമമായ ഒരു സംഗതിയാണ് എന്നാണ് ഡൊണാൾഡ് ട്രംപ് മുതൽ നരേന്ദ്ര മോദിയും ഇങ്ങ് പിണറായി വിജയനും കോവിഡ് കാലത്ത് ധരിച്ചുവച്ചിരിക്കുന്നത്. ഇത്തരം വിഷമഘട്ടത്തിൽ അല്ലെങ്കിൽപ്പോലും അധികാര ദുർവിനിയോഗത്തെ ചോദ്യം ചെയ്യുന്നതിൽ അമർഷമുള്ള ഈ നേതൃത്വങ്ങൾ കോവിഡിന്റെ പശ്ചാത്തലത്തിൽ അവരുടെ ആ അബ്ദ്ധധാരണയെ ഉറപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ഇന്ത്യയുടെ ഉദാഹരണം തന്നെ നോക്കാം. സാഹചര്യം അനിവാര്യമായിരുന്നുവെങ്കിലും ഒരൊറ്റ പ്രഖ്യാപനത്തിലൂടെ ജനതയെ ആകെ നിശ്ചലരാക്കാൻ കഴിയുന്ന ഒരു 'ബിഗ് ഗവൺമെന്റി'ന്റെ ആവിർഭാവമാണ് ലോക്ഡൗണിലൂടെ നമ്മുടെ രാജ്യത്ത് ദൃശ്യമായത്. അതിനനുകൂലമായ ഒരു ശരീരഭാഷയിൽ ആയിരുന്നു, പതിവുപോലെ രാത്രി എട്ട് മണിക്ക് പ്രത്യക്ഷപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ലോക്ക്ഡൗൺ പ്രഖ്യാപിച്ചതും. ഒരു മുന്നറിയിപ്പും ഇല്ലാതെ മൂന്നര മണിക്കൂർ മാത്രം മുൻകൂറായി നൽകിക്കൊണ്ടുള്ള അതിവേഗ അടച്ചുപൂട്ടൽ. കരുത്തനായ നേതാവിന്റെ ഒരൊറ്റവാക്കിൽ ഇന്ത്യയെ 'നിശ്ചലമാക്കി' എന്ന് മോദി ആത്മനിർവൃതി കൊള്ളുമ്പോൾ മുന്നറിയിപ്പില്ലാത്ത ലോക്ഡൗണിൽ ദുരിതത്തിലായ രാജ്യത്തെ അസംഘടിതമേഖലാ തൊഴിലാളികൾ ഒഴിഞ്ഞ വയറുമായി പെരുവഴിയിൽ അലയുകയായിരുന്നു. ലോക്ഡൗൺ വീട്ടിലിരുന്ന് പലരൂപത്തിൽ ആഘോഷിക്കുന്നവരുടെ സമൃദ്ധമായ വിശ്രമത്തിന്റെ കഥകളാണ് മാദ്ധ്യമങ്ങളിൽ ഏറെയും വന്നതെങ്കിലും ജീവിതം എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്നറിയാതെ നിശ്ചലരായി വീട്ടിൽ കഴിച്ചുകൂട്ടിയവരായിരുന്നു ഇന്ത്യയിൽ ഏറെയും. എന്നാൽ ലോകം തന്നെ ഒരു അപകടസന്ധിയെ അഭിമുഖീകരിക്കുമ്പോഴും അധികാരത്തെ അടയാളപ്പെടുത്തുന്നതിനുള്ള ശ്രമമായിരുന്നു പ്രധാനമന്ത്രിക്ക് മുഖ്യം. ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കുന്നതിനുള്ള മൗലി



കാവകാശത്തെ (ആർട്ടിക്കിൾ 21) ഒരു എട്ടുമണി പ്രഖ്യാപനത്തിലൂടെ റദ്ദുചെയ്യുമ്പോൾ ഈ ജനാധിപത്യ രാജ്യത്ത് ജീവിക്കുന്ന എല്ലാ മനുഷ്യർക്കും ഉപജീവനമാർഗ്ഗം കൂടി ഉറപ്പാക്കേണ്ട ബാധ്യത കേന്ദ്ര സർക്കാരിനുണ്ടായിരുന്നു. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ പോലും ആർട്ടിക്കിൾ 359 പ്രകാരം, ആർട്ടിക്കിൾ 21 (ജീവിക്കാനുള്ള അവകാശം) പിൻവലിക്കാൻ അധികാരമില്ല. " Suspension of the enforcement of the rights conferred by Part III during emergencies (1) Where a Proclamation of Emergency is in operation, the President may by order declare that the right to move any court for the enforcement of such of the rights conferred by Part III , except Article 20 and 21" എന്നാണ് ആർട്ടിക്കിൾ 359 ൽ പറയുന്നത്. ദേശീയ ദുരന്തനിവാരണ നിയമത്തിന്റെ പിൻബലത്താലാണ് പ്രധാനമന്ത്രി 'ലോക്ഡൗൺ' (അങ്ങനെയൊരു വാക്ക് നിയമത്തിലോ സർക്കാർ ഉത്തരവിലോ ഇല്ല) പ്രഖ്യാപിച്ചതെങ്കിലും അതും ഉപജീവനമാർഗ്ഗങ്ങൾ ഒരൊറ്റ പ്രഖ്യാപനത്തിലൂടെ റദ്ദുചെയ്യുന്നതിന് അവകാശം നൽകുന്നില്ല എന്ന് നിയവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ പ്രധാനമന്ത്രിയുടെ മിന്നൽ ലോക്ക്ഡൗൺ പ്രഖ്യാപനവും കഴിഞ്ഞ് എത്രയോ ദിവസങ്ങൾക്ക് ശേഷമാണ് പരിമിതമായ ആശ്വാസ പദ്ധതികൾ പോലും ഉറപ്പാക്കപ്പെടുന്നത്. അതും ജനങ്ങളിലേക്ക് എത്താൻ വീണ്ടും അനേക ദിവസങ്ങൾ. കോവിഡ് ബാധയേക്കാൾ വലിയ തോതിലായിരിക്കാം ഒരുപക്ഷേ വരും നാളുകളിൽ ഇന്ത്യ കാണാൻ പോകുന്ന പട്ടിണി മരണങ്ങൾ എന്നതാണ് നിലവിലെ സാഹചര്യം. ആ രീതിയിൽ നോക്കുമ്പോൾ ഒരു ജനാധിപത്യ ഭരണക്രമത്തിന് ഒട്ടും അനുകൂലമായ രീതിയിലല്ല മഹാമാരിയെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ ഇന്ത്യയിൽ നടന്നിട്ടുള്ളത് എന്ന് കാണാം. പകരം, ഇപ്പോൾത്തന്നെ അങ്ങേയറ്റം ക്ഷീണിതമായ അവസ്ഥയിലുള്ള ജനാധിപത്യ വ്യവസ്ഥയെ വീണ്ടും ദുർബലപ്പെടുത്തുന്ന തരത്തിലുള്ള നടപടികളാണ് ഇവിടെ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട ഒരു സവിശേഷ സാഹചര്യത്തിൽ ഉണ്ടായിവന്നതാണ് ഈ അമിതാധികാരമെങ്കിലും അതിനെ സ്ഥിരപ്പെടുത്തുന്നതിൽ താത്പര്യപ്പെടുന്നവരാണ് മിക്ക ഭരണാധികാരികളും. പൗരനിരീക്ഷണ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും പോലീസ് വഴിയുള്ള നിയമനിർവ്വഹണ രീതികളെ കർശനമാക്കിയുമാണ് കൊറോണ വ്യാപനം തടയുന്നതിന് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള, വളരെ കേന്ദ്രീകൃതമായ സൂക്ഷ്മനോട്ടങ്ങളും ശിക്ഷണമാർഗ്ഗങ്ങളും വഴിയല്ലാതെ ജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടും അവരുടെ ജീവിതമാർഗ്ഗങ്ങൾ ഉറപ്പാക്കിക്കൊണ്ടുമുള്ള ഒരു സാമൂഹ്യ സുരക്ഷാരീതിയായിരുന്നു ജനാധിപത്യക്രമത്തിന് അഭികാമ്യമായത്. അതല്ലെങ്കിൽ നാളെ ദൃശ്യമാകാൻ പോകുന്നത്, ഒരു ജനതയെ ഒന്നടങ്കം നിശ്ചലമാക്കാൻ കഴിയുന്നതരത്തിൽ കൈവന്നിരിക്കുന്ന ഈ അധികാരത്തെ കൈയൊഴിയാൻ തയ്യാറല്ലാത്ത ഭരണാധികാരികളെയാകും. എതിർപ്പുകളുന്നയിക്കാൻ അവസരങ്ങളില്ലാത്ത, സമരങ്ങളില്ലാത്ത, മുദ്രാവാക്യങ്ങൾ മുഴങ്ങാത്ത തെരുവുകളെ ഏത് സർക്കാരാണ് ഇഷ്ടപ്പെടാത്തത്. ജനങ്ങൾക്ക് മേൽ മേധാവിത്വമുള്ള ഒരു സർക്കാരിനെ സൃഷ്ടിക്കുന്നതിനുള്ള അവസരമായല്ല ഈ പ്രതിസന്ധിയെ കാണേണ്ടത്. അധികാരത്തിന്റെ ഈ അമിതമായ കേന്ദ്രീകരണത്തെ തടയുന്നതിന് വേണ്ടി നിലവിൽ കഴിയുന്ന എല്ലാരീതിയിലും സിവിൽ സമൂഹം സജ്ജമാകേണ്ടതുണ്ട്.

### മാദ്ധ്യമ സ്വാതന്ത്ര്യവും പ്രതിസന്ധിയിൽ

മാർച്ച് 24ന് അടച്ചുപൂട്ടൽ പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പ് ഇന്ത്യയിലെ പ്രമുഖരായ 20 മാദ്ധ്യമ ഉടമകളെയും പത്രാധിപരെയും വീഡിയോ കോൺഫറൻസിംഗിലൂടെ വിളിച്ചുകൂട്ടി, 'ദുരന്തനിവാരണത്തിലുള്ള സർക്കാരിന്റെ പ്രതിബദ്ധതയെക്കുറിച്ച് ജനങ്ങൾക്കിടയിൽ ആത്മവിശ്വാസം വളർത്തണം' എന്ന് പ്രധാനമന്ത്രി ആവശ്യപ്പെടുകയുണ്ടായി. സീ ഗ്രൂപ്പും, ആജ്തകും, റിപ്പബ്ലിക് ടിവിയും, ഇന്ത്യൻ എക്സ്പ്രസ്സും, ഹിന്ദുവും അടക്കം പ്രമുഖ മാദ്ധ്യമങ്ങളെല്ലാം ഈ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തിരുന്നു. 'ദുരന്തകാലം' ആയതിനാൽ സർക്കാരിനെതിരായി വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടരുത് എന്നതായിരുന്നു അഭ്യർത്ഥന. ആ അഭ്യർത്ഥനെ സർവ്വാത്മനാ സ്വീകരിച്ചതുപോലെയാണ് 'ദി ഹിന്ദു'വിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത മാലിനി പാർത്ഥസാരഥി അവരുടെ ടിറ്ററിൽ കുറിച്ചത്-"We were privileged to be part of PM 's interaction with print media representatives. His strong commitment to ensure that India does not succumb to the COVID pandemic is demonstrable. He has strategic clarity on how to move forward. We are certainly in good hands!". 'ദി ഹിന്ദു' ഗ്രൂപ്പിന്റെ എഡിറ്റോറിയൽ സ്ട്രാറ്റജി ഡയറക്ടറുടെ പ്രകീർത്തനം ഇതാണെങ്കിൽ മറ്റ് മാദ്ധ്യമങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ.

മാദ്ധ്യമ നിയന്ത്രണത്തിനായുള്ള സർക്കാർ ശ്രമം അവിടെ അവസാനിച്ചില്ല. സർക്കാർ സ്രോതസ്സിൽ നിന്നും വസ്തുതാപരമായി ഉറപ്പുവരുത്താതെ കോവിഡ് വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിൽ നിന്നും മാദ്ധ്യമങ്ങളെ വിലക്കണമെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ വാദം ഉന്നയിക്കുകയും ചെയ്തു. അതുവേണ്ടതില്ലെന്നും, വാർത്തകൾ വസ്തുനിഷ്ഠമായാൽ മതിയെന്നുമുള്ള നിലപാട് സുപ്രീംകോടതി സ്വീകരിച്ചതോടെയാണ് അത് നടക്കാതെ പോയത്. എന്തായാലും ദേശീയ മാദ്ധ്യമങ്ങൾ ബി.ജെ.പി സർക്കാരിനെ വിഷമത്തിലാക്കിയില്ല. അതിഥി തൊഴിലാളികൾ ജീവിതമാർഗ്ഗങ്ങളില്ലാതെ പാലായനം തുടരുമ്പോഴും ദില്ലിയിലെ തബ്‌ലീഗ് ജമാത്ത് സമ്മേള

*➪ മുൻ ജെ.എൻ.യു വിദ്യാർത്ഥി ഉമർ ഖാലിദിനെയും ഒടുവിൽ യു.എ.പി.എ ചുമത്തി കസ്റ്റഡിയിൽ എടുത്തു ➪*



ഉമർ ഖാലിദ്



മീരാൻ ഹൈദർ



സഫൂറ സർഗാർ



ഡോ. കഫീൽ ഖാൻ

ന പ്രതിനിധികൾക്കുണ്ടായ കോവിഡ് ബാധയെ മുൻനിർത്തി, 'കൊറോണ ജിഹാദ്' എന്നും 'തബ്ലീഗ് കോവിഡ്' എന്നുമുള്ള പ്രയോഗങ്ങൾ ആവോളം നടത്തി കേന്ദ്രം ഭരിക്കുന്നവർക്ക് വേണ്ട വിദ്വേഷത്തിനുള്ള വിത്തുകൾ മാദ്ധ്യമങ്ങൾ വിതച്ചുകൊടുത്തു.

നിയന്ത്രണത്തിന് മാത്രമല്ല, മാദ്ധ്യമ വേട്ടയ്ക്കും ഈ കാലത്ത് കുറവൊന്നുമുണ്ടായിട്ടില്ല. ഡൽഹി കലാപ റിപ്പോർട്ടിംഗിനിടയിൽ ആർ.എസ്.എസിനെയും പോലീസിനെയും വിമർശിച്ചു എന്ന പേരിൽ രണ്ട് മലയാള ദൃശ്യമാദ്ധ്യമങ്ങൾക്ക് അസാധാരണ നടപടി നേരിടേണ്ടി വന്നത് ലോക്ക് ഡൗണിന് കുറച്ച് ദിവസങ്ങൾക്ക് മുമ്പാണല്ലോ. ലോക്ക്ഡൗൺ കാലത്ത് അവർ തിരഞ്ഞുവന്നത് പ്രമുഖ ഓൺലൈൻ മാദ്ധ്യമമായ 'ദി വയർ' നെ ആയിരുന്നു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന് ഹിതകരമല്ലാത്ത ലേഖനം പ്രസിദ്ധീകരിച്ചു എന്ന പേരിൽ 'ദി വയർ' ചീഫ് എഡിറ്ററും പ്രമുഖ മാദ്ധ്യമപ്രവർത്തകനുമായ സിദ്ധാർത്ഥ് വരദരാജനെതിരെ യു.പി പോലീസ് കേസെടുത്തിരിക്കുകയാണ്. ലോക്ക്ഡൗൺ വിലക്കുകൾ നിലനിൽക്കെ അയോധ്യയിലെ പോലീസ് സ്റ്റേഷനിൽ ഹാജരാകണം എന്നാണ് നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. എഡിറ്റേഴ്സ് ഗിൽഡ് അടക്കം പ്രതിഷേധം അറിയിച്ചിട്ടും കേസിൽ നിന്നും പിന്മാറാൻ സർക്കാർ സന്നദ്ധമായിട്ടില്ല. ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടത് കൊറോണയെ നേരിടാനാണെങ്കിലും രാഷ്ട്രീയ വിയോജിപ്പുകൾ രേഖപ്പെടുത്തുന്നവരെ കൈകാര്യം ചെയ്യുന്നതിനുള്ള അനുകൂല്യ സാഹചര്യം കൂടിയായാണ് നരേന്ദ്ര മോദിയും കൂട്ടരും ഈ കാലത്തെ പരിഗണിച്ചിരിക്കുന്നത്.

### ലോക്ഡൗണിന്റെ മറവിലെ അറസ്റ്റുകൾ

മാദ്ധ്യമങ്ങളെ നിശബ്ദമാക്കുകയാണ് അധികാരമുറപ്പിക്കലിന്റെ ആദ്യപടിയെന്ന് നന്നായി അറിയുന്ന രാഷ്ട്രീയ നേതാവാണ് നരേന്ദ്ര മോദി. കൊറോണ ബാധയുടെ പേരിൽ മാദ്ധ്യമ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുന്നതിലൂടെ 'വാർത്ത വരേണ്ടതില്ലാത്ത' മറ്റ് പല കാര്യങ്ങളും കേന്ദ്ര സർക്കാരിന് ചെയ്യാനുണ്ടായിരുന്നു. ബി.ജെ.പിക്ക് കോവിഡ് പ്രതിരോധത്തേക്കാൾ പ്രധാനമായി ചില കാര്യങ്ങൾ. കോവിഡ് ബാധയുടെ ലക്ഷണങ്ങൾ രാജ്യത്ത് കണ്ടുതുടങ്ങിയ ആദ്യനാളുകളിൽത്തന്നെ വേണ്ടത്ര പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് പകരം ബി.ജെ.പിയുടെ രാഷ്ട്രീയ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് മോദിയടക്കം നടത്തിയത്. മധ്യപ്രദേശിൽ കോൺഗ്രസ് സർക്കാരിനെ അട്ടിമറിച്ച് ബി.ജെ.പി അധികാരത്തിലെത്തിയതിന്റെ തൊട്ടടുത്ത ദിവസമാണ് ദേശീയ ലോക്ഡൗൺ പ്രഖ്യാപിക്കപ്പെടുന്നത്. എം.എൽ.എമാരെ വിലയ്ക്കെടുത്ത് ഒരു സർക്കാരിനെ അട്ടിമറിക്കാൻ വേണ്ടത്ര സമയം അനുവദിച്ച പ്രധാനമന്ത്രിയാണ് ഒരു മുന്നറിയിപ്പുമില്ലാതെ ഇന്ത്യയിലെ ദരിദ്രജനതയ്ക്ക് മേൽ ലോക്ക്ഡൗൺ അടിച്ചേൽപ്പിച്ചത് എന്നോർക്കണം. പ്രതിഷേധിക്കാൻ പൊതുഇടങ്ങൾ നഷ്ടമായതോടെ അധികാരത്തിന്റെ രൂപം മാറുന്ന കാഴ്ചയാണ് തുടർടന്നും കണ്ടത്. ഭീമ-കൊറേഗാവ് കേസിൽ ചിന്തകരും എഴുത്തുകാരും മനുഷ്യാവകാശ പ്രവർത്തകരുമായ ആനന്ദ് തെൽതുംബ്ഡെക്കും ഗൗതം നവ്ലാഖയ്ക്കും എൻ.ഐ.എ കോടതിക്ക് മുന്നിൽ കീഴടങ്ങി തടവറയ്ക്കുള്ളിൽ ആകേണ്ടിവന്നത് ഈ ലോക്ഡൗൺ കാലത്തുതന്നെയാണ്. വളരെ ആസൂത്രിമായി കെട്ടിച്ചമയ്ക്കപ്പെട്ടതാണെന്ന് വ്യക്തമായിട്ടുള്ള ഭീമ-കൊറേഗാവ് കേസിൽ പ്രമുഖരായ ഈ വ്യക്തിത്വങ്ങളെ അറസ്റ്റു ചെയ്ത് തടവിലിടുന്നതിന് കൊറോണയും ലോക്ഡൗണും ഒന്നും ഒരു തടസ്സമായതേയില്ല. ആർ.ജെ.ഡിയുടെ വിദ്യാർത്ഥി വിഭാഗം നേതാവും ജാമിയ വിദ്യാർത്ഥിയുമായ മീരാൻ ഹൈദർ, പൗരത്വ നിയമത്തിനെതിരായ പ്രക്ഷോഭങ്ങളുടെ സംഘാടകയായ മറ്റൊരു ജാമിയ വിദ്യാർത്ഥിനി സഫൂറ സർഗാർ എന്നിവരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തതും ലോക്ഡൗണിന് ഇടയിലാണ്. മുൻ ജെ.എൻ.യു വിദ്യാർത്ഥി ഉമർ ഖാലിദിനെയും ഒടുവിൽ യു.എ.പി.എ ചുമത്തി കസ്റ്റഡിയിൽ എടുത്തു.

ഡൽഹി കലാപത്തിൽ കൊലയും കൊള്ളയും

നടത്തിയ സംഘപരിവാർ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഒരു മാർഗ്ഗമായാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ലോക്ഡൗൺ കാലത്തെ കണ്ടിരിക്കുന്നത് എന്ന് വ്യക്തം. എന്നാൽ പൗരത്വം നിയമത്തിനെതിരെ സമരം ചെയ്തവരെ വേട്ടയാടുന്നതിന് പ്രതിഷേധങ്ങളില്ലാത്ത ഈ കാലം കൃത്യമായി വിനിയോഗിക്കുന്നുമുണ്ട്. പാത്രം മുട്ടിയും വിളക്ക് കൊളുത്തിയും ആരോഗ്യ പ്രവർത്തകർക്ക് നന്ദി അറിയിക്കണമെന്ന് പറയുന്ന പ്രധാനമന്ത്രി പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധത്തിൽ പങ്കെടുത്തതിന്റെ പേരിൽ അറസ്റ്റിലായ, ഗോരഖ്പൂർ സർക്കാർ ആശുപത്രിയിൽ 60 ഓളം കുഞ്ഞുങ്ങൾ മരിച്ച സംഭവത്തിൽ സ്വന്തം നിലയ്ക്ക് ഓക്സിജൻ സിലിണ്ടറുകളെത്തിച്ച് രക്ഷാപ്രവർത്തനം നടത്തിയ ഡോ. കഫീൽ ഖാനെക്കുറിച്ച് ഇതുവരെയും ഒരക്ഷരം പോലും മിണ്ടിയിട്ടില്ല എന്നോർക്കണം. 2019 ഡിസംബർ 12ന് അലിഗഢ് യൂണിവേഴ്സിറ്റിയിൽ നടന്ന പ്രതിഷേധ പരിപാടിയിലെ പ്രസംഗത്തിൽ പ്രകോപനപരമായ പരാമർശങ്ങൾ നടത്തി എന്ന വകുപ്പ് (153-എ) പ്രകാരമാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചത്. ലക്നൗ ജയിലിൽ കഴിയുന്ന ഡോ. കഫീൽ ഖാന്റെ പരോൾ സുപ്രീംകോടതി ഉത്തരവിനെ പോലും മറികടന്ന് റദ്ദാക്കുകയാണ് ലോക്ഡൗൺ കാലത്ത് യു.പി സർക്കാർ ചെയ്തത്. കോവിഡ് 19 പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ ജയിലിലെ ആൾക്കൂട്ടം ഒഴിവാക്കാനായി ഏഴ് വർഷത്തിന് താഴെ ശിക്ഷയുള്ള കുറച്ച് കുറ്റവാളികൾക്ക് പരോൾ നൽകാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് മാർച്ച് 23 ന് സുപ്രിംകോടതി ഉത്തരവ് നൽകിയിരുന്നു. അതുപ്രകാരം പരോൾ ലഭിച്ചവരുടെ പട്ടികയിൽ കഫീൽ ഖാന്റെ പേര് ആദ്യം ഉൾപ്പെടുത്തിയിരുന്നെങ്കിലും പിന്നീട് ഒഴിവാക്കപ്പെടുകയായിരുന്നു എന്ന് അദ്ദേഹത്തിന്റെ കുടുംബം പരാതിപ്പെടുന്നു. കോവിഡിനെ പ്രതിരോധിക്കുന്ന നടപടികളിൽ തന്നെയും കൂടി പങ്കാളിയാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഡോ. കഫീൽ ഖാൻ ജയിലിൽ നിന്നും നരേന്ദ്ര മോദിക്ക് കത്തയച്ചിരുന്നു. അതിനോട് പ്രതികരിക്കാൻ തയ്യാറാകാതിരുന്ന പ്രധാനമന്ത്രിയാണ് ഇന്ത്യയിലെ ആരോഗ്യപ്രവർത്തകർക്ക് നന്ദിയറിയിച്ച് പാത്രം മുട്ടൽ നാടകം കളിക്കുന്നത്.

### അസാധാരണ സാഹചര്യവും അധികാര ദുർവിനിയോഗവും

അസാധാരണ സാഹചര്യത്തെ അധികാര ദുർവിനിയോഗത്തിനുള്ള പഴുതായി കരുതുന്നതിൽ കേരളവും പിന്നിലല്ല. ലോക്ഡൗൺ കർശനമാക്കുന്നതിനുള്ള നിയമപരമായ അവ്യക്തകളെ മറികടക്കുന്നതിനായി 'കേരള എപിഡമിക് ഡിസീസസ് ഓർഡിനൻസ്-2020' എന്ന പേരിൽ കർശന വ്യവസ്ഥകളുള്ള ഒരു നിയമം രൂപീകരിക്കുകയാണ് കേരള സർക്കാർ ആദ്യം ചെയ്തത്."to restrict duration of services in essential or emergency services such as banks, media, health care, food supply, electricity, water, fuel, etc." എന്നാണ് അവശ്യ സേവനങ്ങളുടെ സമയക്രമം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥയെക്കുറിച്ച് ഓർഡിനൻസിൽ പറയുന്നത്. അതായത്, മാദ്ധ്യമങ്ങളുടെ പോലും പ്രവർത്തനം സമയം നിയന്ത്രിക്കുന്നതിനുള്ള അധികാരം കേരള എപിഡമിക് ഡിസീസസ് ഓർഡിനൻസ് സർക്കാരിന് നൽകുന്നുണ്ട്. എന്നാൽ 'ലോക്ഡൗൺ' തുടങ്ങിയതോടെ 144, അഥവാ നിരോധനാജ്ഞ പ്രഖ്യാപിക്കപ്പെട്ടതുപോലെയാണ് (ഒരു നിശ്ചിത പ്രദേശത്ത് സംഘർഷമോ കലാപ സാധ്യതയോ തടയുന്നതിനായി പത്തിലധികം പേർ സംഘം ചേരുന്നത് തടഞ്ഞുകൊണ്ട് മജിസ്ട്രേറ്റിനോ, സബ് ഡിവിഷണൽ മജിസ്ട്രേറ്റിനോ പുറമെ സംസ്ഥാന സർക്കാരിനും പുറപ്പെടുവിക്കാവുന്ന വകുപ്പാണ് 144) കേരള പോലീസ് ജനങ്ങളോട് പെരുമാറിക്കൊണ്ടിരുന്നത്. ചില ജില്ലകളിൽ ഈ കാലയളവിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുമുണ്ടായിരുന്നു. നിരോധനാജ്ഞ പോലും റോഡിൽ ഇറങ്ങിയവരോട് അപമര്യാദയായി പെരുമാറുന്നതിന് അധികാരം നൽകുന്ന ഒരു വകുപ്പല്ല. എന്നിട്ടും ചില 'യതീഷ്ചന്ദ്രമാർ' നിയമവിരുദ്ധമായ അധികാരപ്രയോഗം നടത്തി, തെരുവിലെ ന്യായാധിപന്മാരായി മാറുന്ന കാഴ്ച പലയിടത്തും ദൃശ്യമായി. നിയമം നടപ്പിലാക്കുന്ന പ്രക്രിയ (due process of law) ശരിയായ രീതിയിൽ നിലനിന്നാൽ മാത്രമേ നിയമവാഴ്ചയും ജനാധിപത്യവും അവിടെ പുലരുകയുള്ളൂ. നിയമപാലകർക്ക് മാത്രമല്ല, പൊതുസമൂഹത്തിനും അതിൽ കൃത്യമായ പങ്കുണ്ട്. ഒരു വലിയതോതിൽ കൊറോണ വ്യാപനത്തെ തടയുന്നതിന് പൊതുസമൂഹം നീതിപൂർവ്വം ഇടപെട്ടുവെങ്കിലും കേരള പോലീസ് അത് തിരിച്ചറിയാൻ കുറേ

നിരോധനാജ്ഞ പോലും റോഡിൽ ഇറങ്ങിയവരോട് അപമര്യാദയായി പെരുമാറുന്നതിന് അധികാരം നൽകുന്ന ഒരു വകുപ്പല്ല. എന്നിട്ടും ചില 'യതീഷ്ചന്ദ്രമാർ' നിയമവിരുദ്ധമായ അധികാരപ്രയോഗം നടത്തി, തെരുവിലെ ന്യായാധിപന്മാരായി മാറുന്ന കാഴ്ച പലയിടത്തും ദൃശ്യമായി. നിയമം നടപ്പിലാക്കുന്ന പ്രക്രിയ (due process of law) ശരിയായ രീതിയിൽ നിലനിന്നാൽ മാത്രമേ നിയമവാഴ്ചയും ജനാധിപത്യവും അവിടെ പുലരുകയുള്ളൂ. നിയമപാലകർക്ക് മാത്രമല്ല, പൊതുസമൂഹത്തിനും അതിൽ കൃത്യമായ പങ്കുണ്ട്.

വൈകി. പോലീസ് നടപടിക്കെതിരെ എതിർപ്പുകൾ പലഭാഗത്ത് നിന്നും ഉയർന്നുവന്നതിനെ തുടർന്ന് മുഖ്യമന്ത്രിക്ക് തന്നെ ഇക്കാര്യത്തിൽ വിമർശനം ഉന്നയിക്കേണ്ടി വന്നു. സവിശേഷ സാഹചര്യത്തിൽ രൂപപ്പെട്ട ഈ പോലീസ്‌രാജിനെ തുടക്കത്തിൽ തന്നെ പ്രതിരോധിക്കുന്നതിനുള്ള ആർജ്ജവം കേരള സമൂഹത്തിൽ നിന്നും രൂപപ്പെട്ടുവന്നു എന്നത് ആശ്വാസകരമാണ്. എന്നാലും ഈ ജാഗ്രത തുടരേണ്ടതുണ്ട് എന്നതുന്നെയാണ് ലോക്ഡൗൺ കാലത്തിന് മുമ്പുള്ള പോലീസ് ഭരണം നമ്മളെ ഓർമ്മിപ്പിക്കുന്നത്. പലകാര്യത്തിലും നരേന്ദ്ര മോദിയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലല്ലോ പിണറായി വിജയൻ. അനുസരിപ്പിക്കലല്ല, സഹകരിപ്പിക്കലാണ് ജനാധിപത്യത്തിന് ഭൂഷണം. അതുകൊണ്ടുതന്നെ, പോസ്റ്റ് കോവിഡ് കാലത്ത് ജനാധിപത്യ-മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ പ്രവർത്തന മണ്ഡലം കൂടുതൽ വിപുലമാകട്ടേ.

### നിരീക്ഷണ മുതലാളിത്തം പിടിമുറുക്കുന്നു

സ്പ്രിംക്ലർ ഇടപാടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർന്നുവന്നതോടെ 'അസാധാരണ സാഹചര്യത്തിൽ' സംഭവിക്കുന്ന മറ്റൊരു ദുരന്തവും കേരളത്തിൽ സംഭവിച്ചിരിക്കുകയാണല്ലോ, ബിഗ് ഡേറ്റയുടെ സുരക്ഷാ പ്രശ്നം. നിരീക്ഷണ മുതലാളിത്തത്തിന്റെ ഈ കാലത്ത് ഉയർന്നുവന്ന ഈ പ്രശ്നം വളരെയേറെ ഗൗരവമുള്ള ഒന്നായിത്തന്നെ പരിഗണിക്കേണ്ടതുണ്ട്. പൗരനിരീക്ഷണത്തെ സംബന്ധിച്ചും സ്വകാര്യതയെ സംബന്ധിച്ചും ഇടതുപക്ഷ പാർട്ടിയായ സി.പി.എമ്മിന് വ്യക്തമായ ഒരു നിലപാടില്ല എന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്. എല്ലാത്തരത്തിലുള്ള ക്യാപിറ്റലിസത്തിനും വഴിതെളിച്ചുകൊടുത്തിരിക്കുന്ന 'ഇടത്' സർക്കാർ സർവൈവൽ ക്യാപിറ്റലിസത്തോട് മാത്രം മറിച്ചൊരു നിലപാട് കാണിക്കേണ്ടതില്ലല്ലോ. കോവിഡ് ഡേറ്റ കൈകാര്യം ചെയ്യാൻ അമേരിക്കൻ കമ്പനിയായ സ്പ്രിംക്ലറുമായി കരാറുണ്ടാക്കിയത് സ്വന്തം റിസ്കിലാണ് എന്ന് കേരള ഐ.ടി സെക്രട്ടറിയുടെ ഇക്കാര്യത്തിലെ വാദം. 'അസാധാരണ സാഹചര്യ'ത്തെ മുൻനിർത്തി എക്സിക്യൂട്ടീവ് നടത്തുന്ന അധികാര ദുർവിനിയോഗത്തിന്റെ കൃത്യമായ ഉദാഹരണമാണിത്. സേവനം പൂർണ്ണമായും സൗജന്യമാണ് എന്നത് സ്വകാര്യതയെ സംബന്ധിച്ച സുപ്രീംകോടതിയുടെ വിധിന്യായത്തെ മറികടക്കാനുള്ള മാർഗ്ഗമല്ല. നിയമവകുപ്പിനോട് ചോദിക്കേണ്ട കാര്യമുള്ളതായി തോന്നിയില്ല എന്നും സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് തീരുമാനിച്ചതാണെന്നും വിശദീകരിക്കുന്ന ഐ.ടി സെക്രട്ടറി ഫലത്തിൽ സംസാരിക്കുന്നത് തീർത്തും നിയമവിരുദ്ധമായാണ്. വളരെ രൂക്ഷമായ വിമർശനങ്ങൾ പല കോണുകളൽ നിന്നും ഉയർന്നിട്ടും ഐ.ടി സെക്രട്ടറിയുടെ ന്യായീകരണങ്ങളെ ശരിവയ്ക്കുകയും ഈ കരാറിലെ നയപരമായ പ്രശ്നങ്ങളിലേക്ക് മനഃപൂർവ്വം കടക്കാതിരിക്കുകയുമാണ് മുഖ്യമന്ത്രി. ഇത് പ്രതിപക്ഷത്തിന്റെ അഴിമതി ആരോപണത്തെ ബലപ്പെടുത്തുന്ന തരത്തിലുള്ള ഒരു നിലപാടാണ്. ഇതിനെയെല്ലാം മറികടക്കാൻ ശ്രമിക്കുന്നത് ഇത് ഒരു 'അസാധാരണ സാഹചര്യം' ആണെന്ന പേരിലാണ്. ലോകമെങ്ങും കോവിഡ് എന്ന അസാധാരണ സാഹചര്യത്തെ മുൻനിർത്തി നിരീക്ഷണ മുതലാളിത്തം ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വാകാര്യതയോ ആരോഗ്യമോ എന്ന തിരഞ്ഞെടുപ്പിൽ, ജീവഭയത്താൽ ജനങ്ങൾ ആരോഗ്യം തിരഞ്ഞെടുക്കുമ്പോൾ ശക്തിപ്പെടുന്നത് ചർമ്മത്തിന് പുറത്ത് നിന്നും ചർമ്മത്തിനുള്ളിലേക്ക് കടക്കുന്ന നിരീക്ഷണ മുതലാളിത്തമാണ് എന്നോർക്കുക. കോവിഡ് കാലം കഴിഞ്ഞാലുടൻ ഈ ബിഗ് ഡേറ്റ കുറേ മുതലാളിത്തച്ചരക്കുകളുമായി നിങ്ങളുടെ അടുക്കലേക്ക് തന്നെയെത്തും.



ദുരന്തം കാരണമുണ്ടാകുന്ന അസ്ഥിരതകളിൽ നിന്നുപോലും ലാഭം കണ്ടെത്താൻ മുതലാളിത്തത്തിനുള്ള ശേഷിയെക്കുറിച്ച് നവോമി ക്ലെൻ എന്ന കനേഡിയൻ സാമൂഹ്യപ്രവർത്തക നടത്തിയ വിലയിരുത്തലുകൾ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. ജാഗ്രതയോടെ ഇരുന്നില്ലെങ്കിൽ കോവിഡ് ദുരന്തവും ലാഭം കൊയ്യുന്നതിനുള്ള സാധ്യതയായി മാറുമെന്നതിന്റെ സൂചനകളാണ് കേരളത്തിൽ അടക്കം കണ്ടു

കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, പോസ്റ്റ് കോവിഡ് കാലത്ത് മുതലാളിത്തത്തിനെതിരായ ചെറുത്തുനിൽപ്പുകൾ, നിരീക്ഷണ മുതലാളിത്തത്തിന് എതിരായ നിലപാടുകൾ കൂടുതൽ കാലോചിതവും ഊർജ്ജിതവും ആകട്ടേ.

**വികേന്ദ്രീകരണത്തിന്റെ ശക്തി**

കോവിഡിനെ പ്രതിരോധിക്കുന്നതിൽ കേരളം കൈവരിച്ച നേട്ടത്തെക്കുറിച്ച് പലതരത്തിലുള്ള വിലയിരുത്തലുകളും ഉണ്ടാകുന്നുണ്ട്. കോവിഡ് രോഗവ്യാപനം തടയുന്നതിലും ലോക്ഡൗൺ സൃഷ്ടിച്ച പ്രതിബന്ധങ്ങളെ മറികടക്കുന്നതിലും കേരളത്തിന് ഫലപ്രദമായി കഴിഞ്ഞതിനെക്കുറിച്ചുള്ള അവകാശവാദങ്ങളാണ് ഏറെയും. രോഗഭീതി ഒഴിഞ്ഞുപോയതുകൊണ്ടുതന്നെ രാഷ്ട്രീയതർക്കങ്ങളും ഇക്കാര്യത്തിൽ സജീവമായിരിക്കുകയാണ്. സർക്കാരിന്റെ കാര്യക്ഷമതയെക്കുറിച്ചുള്ള അത്തരം കക്ഷിരാഷ്ട്രീയ തർക്കങ്ങൾ തികച്ചും താത്കാലിക താത്പര്യങ്ങൾ മാത്രമുള്ളതാണ്. എന്നാൽ കോവിഡ് കാലത്ത് കേരളത്തിൽ ഏറെ പ്രാധാന്യത്തോടെ നടക്കേണ്ടത് അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച രാഷ്ട്രീയ ചർച്ചയാണ്. അതു പറയാൻ കാരണം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ ഫലപ്രദമായരീതിയിൽ ഇടപെട്ടിട്ടുണ്ടെങ്കിലും ഒരു ദുരന്തത്തെ അഭിമുഖീകരിക്കുന്നതിന് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള സുസജ്ജമായ ഒരു വികേന്ദ്രീകൃത ഭരണസമ്പ്രദായം കേരളത്തിൽ നിലനിൽക്കുന്നുണ്ട് എന്നതാണ് ഈ നേട്ടത്തിന് പിന്നിലെ യാഥാർത്ഥ്യം എന്നതാണ്. കേരളത്തിലെ അധികാര വികേന്ദ്രീകൃത ഭരണസമ്പ്രദായം കാലാകാലങ്ങളായി ആർജ്ജിച്ച കരുത്തിന്റെ നേട്ടമാണ് അത്. മുഖ്യമന്ത്രി പിണറായി വിജയനാണ് എന്നും പത്രസമ്മേളനം നടത്തി ദൃശ്യത നിലനിർത്തിയതെങ്കിലും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന മുകൾത്തട്ടിലുള്ള ഭരണഘടകങ്ങളിൽ അല്ല ഏറ്റവും അടിസ്ഥാനപരമായ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത്. തദ്ദേശീയതലത്തിലുള്ള ഭരണഘടകങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിച്ചതുകൊണ്ടാണ് രോഗവ്യാപനം ചെറുക്കപ്പെട്ടതും പലരും പട്ടിണി കൂടാതെ കഴിഞ്ഞതും. പഞ്ചായത്ത്/നഗരസഭ തലത്തിലുള്ള ജനപ്രതിനിധികളും ആരോഗ്യ സ്ഥാപനങ്ങളും ജീവനക്കാരും വോളണ്ടിയർമാരുമാണ് കോവിഡ് രോഗബാധിതർക്ക് കൃത്യമായ പരിരക്ഷ നൽകിയതും ഐസൊലേഷനിൽ കഴിയുന്നവരെ മോണിറ്റർ ചെയ്തിരുന്നതും എല്ലാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സഹകരിച്ചാണ് കമ്മ്യൂണിറ്റി കിച്ചനുകൾ വിജയകരമായി നടത്തിയത്. കുടുംബശ്രീക്ക് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്നാണ് കമ്മ്യൂണിറ്റി കിച്ചന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ചിലവ് കണ്ടെത്തിയത്. ഭക്ഷണം ലഭിക്കാൻ അർഹരായവരെ കണ്ടെത്തിയതും വോളണ്ടിയർമാരുടെ യാത്രാ ചെലവ് വഹിച്ചതും വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തനത്/വികസന ഫണ്ടിൽ നിന്നു തന്നെയാണ് മിക്ക തദ്ദേശസ്ഥാപനങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ചിലവുകൾ കണ്ടെത്തിയത്. കക്ഷിരാഷ്ട്രീയ ഭേദമന്യേ ഇക്കാര്യങ്ങളിൽ സംയുക്തമായ ഇടപെടലുകൾ പല സ്ഥലങ്ങളിലും കാണാൻ കഴിഞ്ഞു. ദുരന്തനിവാരണ പ്രവർത്തനങ്ങളിലും ദുരന്ത ലഘൂകരണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സവിശേഷ സ്ഥാനമുണ്ട് എന്നതാണ് കോവിഡ് കാലം കേരളത്തെ പഠിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ മികവായോ, മുഖ്യമന്ത്രിയുടെ നെടുനായകത്വത്തിന്റെ ഗുണമായോ മാത്രം അതിനെ കാണുകയും ആഘോഷിക്കുകയും ചെയ്യുമ്പോൾ നഷ്ടപ്പെട്ടുപോകുന്നത് കേരളം ആർജ്ജിച്ചെടുത്ത അധികാര വികേന്ദ്രീകൃത ഭരണസമ്പ്രദായത്തിന്റെ പ്രബലതയാണ്.

കേരളത്തിന്റെ പൊതുജനാരോഗ്യത്തിൽ വലിയ പങ്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളുകളായി വഹിച്ചുകൊണ്ടിരിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നടന്ന ജനാധിപത്യവികസന പരീക്ഷണങ്ങളുടെ ഫലമായാണ് ഈ രീതിയിലുള്ള ഒരു ശക്തിപ്പെടൽ തദ്ദേശഭരണരംഗത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞത്. ത്രിതല പഞ്ചായത്ത് സംവിധാനം രൂപപ്പെടുന്നതിന്റെ തുടക്കകാലങ്ങളിൽ എൽ.ഡി.എഫ്-യു.ഡി.എഫ് സർക്കാരുകൾ ഇക്കാര്യത്തിൽ ഒരുപോലെ താത്പര്യമെടുത്തിരുന്നു. സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി തുകയുടെ 30-40 ശതമാനം പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് വീതിച്ച് നൽകുകയും അത് വിനിയോഗിക്കുന്നതിന് വിശദമായ മാർഗരേഖകൾ തയ്യാറാക്കുകയും ജനങ്ങളെ പ്രാദേശിക ഭരണത്തിലും നാടിന്റെ വികസനത്തിലും പങ്കാളികളാക്കുകയും ചെയ്തതിന്റെ ഗുണപരമായ പ്രതിഫലനങ്ങളാണ് ദുരന്തകാലത്ത് ഇപ്പോൾ സഹായമായി മാറിയത്. 73, 74 ഭേദഗതിയിലൂടെ കൈമാറി

ദുരന്തനിവാരണ പ്രവർത്തനങ്ങളിലും ദുരന്ത ലഘൂകരണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സവിശേഷ സ്ഥാനമുണ്ട് എന്നതാണ് കോവിഡ് കാലം കേരളത്തെ പഠിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ മികവായോ, മുഖ്യമന്ത്രിയുടെ നെടുനായകത്വത്തിന്റെ ഗുണമായോ മാത്രം അതിനെ കാണുകയും ആഘോഷിക്കുകയും ചെയ്യുമ്പോൾ നഷ്ടപ്പെട്ടുപോകുന്നത് കേരളം ആർജ്ജിച്ചെടുത്ത അധികാര വികേന്ദ്രീകൃത ഭരണസമ്പ്രദായത്തിന്റെ പ്രബലതയാണ്.

യിട്ടുള്ള 29 അധികാരങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ആരോഗ്യസുരക്ഷാ പദ്ധതികളുടെ വിവരശേഖരണവും നടപ്പിലാക്കലുമെല്ലാം പഞ്ചായത്ത്/മുൻസിപ്പാലിറ്റികളുടെ ഏകോപനത്തോടെയാണ് കേരളത്തിൽ നടക്കുന്നത്. ഇതെല്ലാം അടിത്തട്ടിലെ ഭരണഘടകങ്ങൾക്ക് കോവിഡ് കാലത്ത് വലിയ ഉപകാരമായി മാറി. അക്ഷരാർത്ഥത്തിൽ ഈ കാലത്ത് കേരളം ചലിച്ചതും ഇനി ചലിക്കാൻ പോകുന്നതും ഇതേ തദ്ദേശീയഘടകങ്ങളുടെ ആനുകൂല്യത്താലാണ്. എന്നാൽ ദുരന്തനിവാരണത്തിൽ അധികാരവികേന്ദ്രീകരണത്തിനുള്ള ഈ ഉയർന്ന പങ്കിനെ അതേ പ്രാധാന്യത്തോടെ സംസ്ഥാന സർക്കാർ പരിഗണിക്കുന്നുണ്ടോ? ഇല്ല എന്നുതന്നെ പറയേണ്ടി വരും. അതിൽ നമുക്ക് മുൻ അനുഭവങ്ങളുമുണ്ട്. കാരണം, 2018ലും 2019ലും പ്രളയവും അതിതീവ്രമഴ കാരണമുള്ള മറ്റ് ദുരിതങ്ങളും കേരളത്തിലുണ്ടായപ്പോൾ ഇത്തരത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സുശക്തമായ രീതിയിൽ ഇടപെട്ടതും ജനങ്ങൾക്കുണ്ടായ ദുരിതങ്ങളെ ലഘൂകരിക്കാൻ മുന്നിൽ നിന്ന് പ്രവർത്തിച്ചതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കേരള പഞ്ചായത്തീരാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം പ്രകൃതിക്ഷോഭ ദുരിതാശ്വാസം പഞ്ചായത്തുകളുടെ ഔദ്യോഗിക ചുമതലയായതുകൊണ്ടല്ല അത് കേരളത്തിൽ നടന്നത്. കാലാകാലങ്ങളായി നടക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി വികേന്ദ്രീകൃത അധികാരസ്ഥാപനങ്ങളിൽ വന്നുചേർന്ന സവിശേഷമായ ശേഷിയാണത്. കഴിഞ്ഞ പ്രളയകാലങ്ങളിൽ ദുരന്തനിവാരണത്തിന്റെ ആദ്യഘട്ടങ്ങളിൽ, അതായത് രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ സാധ്യതയെ നന്നായി ഉപയോഗിച്ചിരുന്നു. എന്നാൽ ദുരന്തത്തിന്റെ പ്രത്യക്ഷഫലങ്ങൾ അദൃശ്യമായിത്തുടങ്ങിയതോടെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും മാറ്റിനിർത്തുന്ന ഒരു സമീപനമാണ് പിണറായി വിജയൻ സർക്കാർ പിന്നീട് സ്വീകരിച്ചത്. ദുരന്തത്തിന് ശേഷം ഉണ്ടാകേണ്ട പുനർനിർമ്മാണ പ്രവർത്തനങ്ങളുടെയും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും ആസൂത്രണം തീർത്തും മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചാണ് പിന്നീട് നടന്നത്. കെ.പി.എം.ജി പോലെയുള്ള ആഗോള കൺസൾട്ടൻസിക്ക് ഇക്കാര്യങ്ങൽ എൽപ്പിച്ചുകൊടുക്കുകയും ചെയ്തു. ഫലത്തിൽ 'ജനകീയ' ആസൂത്രണം 'കൺസൾട്ടൻസി' ആസൂത്രണമായി മാറുന്ന കാഴ്ചയാണ് കേരളത്തിൽ കണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ ഈ സമീപനം ഒരു ഒറ്റപ്പെട്ട സംഭവമല്ല. അധികാരം വല്ലാതെ കേന്ദ്രീകരിക്കാൻ ആഗ്രഹിക്കുന്ന പിണറായി വിജയനെപ്പോലുള്ള ഭരണാധികാരികൾ ഈ ഭരണകാലത്തുതന്നെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അധികാരങ്ങളെ വെട്ടിക്കുറയ്ക്കുന്നതിനാണ് പലപ്പോഴായും ശ്രമിച്ചിട്ടുള്ളത്. മദ്യഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത് കളഞ്ഞു. വ്യവസായങ്ങൾക്ക് ലൈസൻസ് കൊടുക്കാനുള്ള അധികാരം ഭരണ സമിതിയിൽ നിന്ന് എടുത്തുകളഞ്ഞ് സെക്രട്ടറിക്ക് നൽകി. 2008 തണ്ണീർതട സംരക്ഷണ നിയമത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക സമിതികൾക്കും ഉണ്ടായിരുന്ന അധികാരങ്ങളും ചുമതലകളും ഭേദഗതിയിലൂടെ ഇല്ലാതാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുകളിൽ നാലു മിഷനുകളെ പ്രതിഷ്ഠിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾക്ക് മേൽ സംസ്ഥാന സർക്കാർ കൂടുതലായി കൈകടത്താൻ തുടങ്ങി. സംസ്ഥാന നികുതി വരുമാനത്തിന്റെ 22 മുതൽ 25 ശതമാനം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഇനിയും സന്നദ്ധമായിട്ടില്ല. രണ്ട് വർഷം തുടർച്ചയായി വലിയ പ്രകൃതിക്ഷോഭങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വിഹിതം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഇങ്ങനെ പലവിധത്തിൽ അധികാര വികേന്ദ്രീകരണത്തെ ദുർബലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടും ഒരു ആപത്തുകാലത്ത് സംസ്ഥാന സർക്കാരിന് വീണ്ടും മുതൽക്കൂട്ടായി മാറുകയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സമ്പ്രദായം. അത് മറച്ചുവച്ച് മു



ഖ്യമന്ത്രിയുടെ ഭരണമികവാണ് കേരളത്തെ കൊറോണയിൽ നിന്നും രക്ഷിച്ചതെന്നും ഓസ്ട്രേലിയയിൽ വരെ അദ്ദേഹത്തിന്റെ പേര് തങ്കലിപികളിൽ എഴുതിക്കാണിച്ചു എന്നും പറയുന്നത് കേവലം മതാന്ധമായ ഭക്തിയാണ്. ഒപ്പം, കേരളത്തിന്റെ ജനാധിപത്യവത്കരണത്തിന് ഭീഷണിയായ അരാഷ്ട്രീയതയുമാണ്. ഇത്തരം വീരാരാധനകളിലൂടെയല്ല, വിഗ്രങ്ങൾ തച്ചുടയ്ക്കപ്പെട്ടതിലൂടെ രൂപപ്പെട്ടതാണ് കേരള മോഡൽ എന്നോർക്കം. അതുകൊണ്ടുതന്നെ, പോസ്റ്റ് കോവിഡ് കാലത്ത് അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്ന ഒരു പൊതുസമരമുഖം തുറക്കാൻ സിവിൽ സമൂഹപ്രസ്ഥാനങ്ങൾക്ക് കഴിയട്ടേ.

**ഭൂമി തരൂ, കൃഷി ചെയ്യാം**

കൊറോണ ബാധയ്ക്ക് തൊട്ടുമുമ്പ് കേരളത്തിൽ നടന്ന വലിയൊരു ആഘോഷമുണ്ട്. സർക്കാർ ആയിരുന്നു ആഘോഷത്തിന്റെ പൂർണ്ണ ചിലവ്. ഒരു സർക്കാർ പദ്ധതി പൂർത്തീകരിച്ചതിന്റെ വിജയാഘോഷം. സാക്ഷാൽ വിജയൻ തന്നെയായിരുന്നു മുഖ്യകാർമ്മികനും. സംസ്ഥാനത്തെ ഭാവനരഹിതരായി കണക്കാക്കപ്പെട്ട 5,72,000 കുടുംബങ്ങളിൽ 2,14,262 കുടുംങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ (Livelihood Inclusion and Financial Empowerment) വീട് നിർമ്മിച്ച് നൽകിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം 2020 ഫെബ്രുവരി 29ന് പുത്തരിക്കണ്ടം മൈതാനിയിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയതിന്റെ ആഘോഷമായിരുന്നു അത്. ചരിത്രപരമായ അനീതികളാൽ ഭൂരഹിതരാക്കപ്പെട്ട ദലിത്-ആദിവാസി വിഭാഗങ്ങളെ കേവലം ഭവനരഹിത കുടുംബങ്ങൾ മാത്രമായി കണക്കാക്കി അവർക്ക് ഫ്ളാറ്റ് നൽകുകയും അതുവഴി ഭൂമിയുടെ മേലുള്ള അവരുടെ പരമ്പരാഗത അവകാശങ്ങളെ റദ്ദുചെയ്യുകയുമാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ സംഭവിച്ചിരിക്കുന്നത്. അത്തരത്തിൽ ആയിരക്കണക്കിന് ലക്ഷംവീട് കോളനികൾ കൂടി സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടതിന്റെ ആഘോഷമാണ് പുത്തരിക്കണ്ടത്ത് നടന്നത്. തീർച്ചയായും പാർപ്പിടം എന്നത് വളരെ പ്രധാനപ്പെട്ട അവകാശം തന്നെയാണ്. കോവിഡ് കാലത്ത്, 'വീട്ടിൽ ഇരിക്കണം' എന്ന് സർക്കാർ പറഞ്ഞപ്പോൾ വീടില്ലാതെ പോയവരുടെ പ്രശ്നങ്ങൾ നമ്മൾ കണ്ടതുമാണ്. എന്നാൽ വീട് മാത്രമായാൽ അഭയം ആകുന്നില്ല എന്നതും നമ്മൾ ലോക്ഡൗൺ കാലത്ത് തിരിച്ചറിഞ്ഞിരിക്കുന്നു. വീടുണ്ടായിട്ടും, അതിൽ അടുക്കളയുണ്ടായിട്ടും, അടുക്കളയിൽ ഒരു ടുപ്പുണ്ടായിട്ടും അത് ഒന്ന് പുകയ്ക്കാനുള്ള സാധ്യതയില്ലാതെ പോയ എത്രയോ പേർ. സൗജന്യറേഷൻ എല്ലാക്കാലത്തും ഒരു പരിഹാരമായി മാറില്ല. അത് മുഖ്യമന്ത്രിക്കും അറിയാം. അതുകൊണ്ടാണ് ലോക്ഡൗൺ കാലത്ത് പതിവ് മാദ്ധ്യമ അഭിസംബോധനയിൽ വച്ച് വീടുകളിൽ എല്ലാവരും പച്ചക്കറി കൃഷി നടത്തണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചത്. എന്നാൽ അപ്പോൾ പുത്തരിക്കണ്ടത്ത് നടന്ന ആവലിയ ആഘോഷത്തെക്കുറിച്ച് അദ്ദേഹം ഓർമ്മിച്ചില്ല. മണ്ണിൽ പണിയെടുത്തിരുന്ന ജനവിഭാഗങ്ങളുടെ ഭൂഅവകാശങ്ങളെ നിരാകരിച്ച്, അവരെ ഫ്ളാറ്റുകളിൽ കുടിയിരുത്തിയശേഷം ആരോടാണ് മുഖ്യമന്ത്രി വീട്ടുവളപ്പിൽ കൃഷി ചെയ്യണം എന്നു പറയുന്നത്? ഹാരിസൺസ് മലയാളം കമ്പനി അടക്കമുള്ള തോട്ടങ്ങൾ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഒരു നിയമനിർമ്മാണത്തിലൂടെ ഏറ്റെടുത്ത് ഭൂരഹിതർക്ക് കൈമാറാൻ കഴിയുമായിരുന്നിട്ടും അക്കാര്യത്തിൽ മൗനം പാലിക്കുന്ന മുഖ്യമന്ത്രി എവിടെയാണ് കൃഷി ചെയ്യാൻ പറയുന്നത്? അതുകൊണ്ടുതന്നെ, പോസ്റ്റ് കോവിഡ് കാലത്ത് വിഭവാധികാര രാഷ്ട്രീയത്തെ മുൻനിർത്തി കേരളത്തിന്റെ ഭൂവിതരണത്തിന്റെ കാര്യത്തിൽ ഒരു പുനർചിന്ത കൊണ്ടുവരാൻ കഴിയുന്ന തരത്തിൽ ഭൂസമരങ്ങൾ ശക്തിപ്പെടട്ടേ. ലോക്ഡൗൺ നമ്മെ പഠിപ്പിച്ചത് വീടിന്റെ ആവശ്യകതയെക്കുറിച്ച് മാത്രമല്ല, മണ്ണിന്റെ ആവശ്യകതയെക്കുറിച്ച് കൂടിയാണ്. ഊഷരത നഷ്ടമായ മണ്ണിനെ വീണ്ടെടുക്കുന്നതിനെക്കുറിച്ച് കൂടിയാണ്, മനുഷ്യർക്ക് മാത്രം ആധിപത്യമുള്ള ലോകക്രമത്തിലൂടെ അത് സാധ്യമാകില്ല എന്നതിനെക്കുറിച്ച് കൂടിയാണ്.

ഇതിനെല്ലാം അപ്പുറം പോസ്റ്റ് കോവിഡ് കാലത്ത് ഒരുകാര്യം കൂടി നമ്മൾ ചിന്തിക്കേണ്ടതുണ്ട്. മരുന്നും വാക്സിനും അല്ലാതെ സഹജമായ പ്രതിരോധശേഷിയെ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യരംഗത്ത് രൂപപ്പെട്ടുവരാൻ നമ്മൾ എന്ത് ഇടപെടലാണ് നടത്തേണ്ടിവരുക എന്ന പരമപ്രധാനമായ കാര്യം. ഏത് വൈറസിനും ഏറ്റവും ഫലപ്രദമായ പ്രതിരോധം വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യം മാത്രമാണല്ലോ. സ്വകാര്യത അവകാശം പോലെ തന്നെ പ്രധാനമാണ് സ്വന്തം ശരീരത്തിലുള്ള ഒരു വ്യക്തിയുടെ അവകാശം. ശരീരത്തിനുമേൽ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുക എന്നത് ആധുനിക ജനാധിപത്യ വ്യവസ്ഥയിൽ പരമപ്രധാനമായ മൂല്യമാണ്. കോവിഡ്19 പോലെയുള്ള മഹാമാരികൾ ശരീരത്തിന് മേലെയുള്ള വ്യക്തിയുടെ തിരഞ്ഞെടുപ്പുകളെ കൂടിയാണ് നിഷേധിക്കുന്നത്. വൈറസ് വാഹകരായിത്തീരുന്നതോടെ, ഒരു പകർച്ചവ്യാധിയാണ് എന്ന കാരണത്താൽ നിങ്ങളുടെ ശരീരം സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാകുന്നു. സ്റ്റേറ്റ് നിർദ്ദേശിക്കുന്ന ചികിത്സാവ്യവസ്ഥയിലൂടെ കടന്നുപോകാൻ നിങ്ങൾ നിർബന്ധിതരാകുന്നു. പശ്ചാത്യ ആധുനിക വൈദ്യശാസ്ത്രം തന്നെയാണ് ആ ചികിത്സാവ്യവസ്ഥ ഇപ്പോൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. സ്റ്റേറ്റും മോഡേൺ മെഡിസിനും നിയന്ത്രിക്കുന്ന ഒരു ശുശ്രൂഷയ്ക്ക് നിങ്ങൾക്ക് വഴങ്ങേണ്ടതായി വരുന്നു. ഈ അവകാശ നിഷേധത്തെക്കൂടി മറകടക്കണമെങ്കിൽ വ്യക്തിഗതവും സാമൂഹികവുമായ ആരോഗ്യത്തിനായി നാം ഓരോരുത്തരും വിലകൊടുക്കേണ്ടതുണ്ട്.■